**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 550** — **10-11-2021 - ൽ മറുപടിയ്ക്ക്**

**തൊഴിലാളി ക്ഷേമം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എ. പ്രഭാകരൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ രൂപീകരിച്ച ലേബർ കോഡിൽ ഐ.എൽ.ഒ. കൺവെൻഷനുകൾക്ക് വിരുദ്ധമായ വ്യവസ്ഥകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | തൊഴിലെടുക്കുന്നതിന് അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിനും തൊഴിലാളികളുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനും ക്ഷേമം ഉറപ്പാക്കുന്നതിനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (ബി) | ബി) തൊഴിലാളികളുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനും ക്ഷേമം ഉറപ്പാക്കുന്നതിനും തൊഴിലെടുക്കുന്നതിന് അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിനും വിവിധ മേഖലകളിൽ സർക്കാർ നിരവധി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കയറ്റിറക്ക് മേഖലയിൽ നിലനിന്നിരുന്ന നോക്കുകൂലി പോലെയുള്ള തൊഴിലാളി വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനായി സംസ്ഥാനത്ത് നോക്കുകൂലി നിരോധിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. 1960-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ഭേദഗതി വരുത്തി സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് ഇരിപ്പിടം അനുവദിക്കുന്നതിനും സ്ത്രീ തൊഴിലാളികളെ രാത്രി ജോലിക്ക് നിയോഗിക്കുമ്പോൾ 5 പേരുള്ള സംഘങ്ങളായി നിയോഗിക്കണമെന്നും വ്യവസ്ഥ കൊണ്ടു വന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 'ആവാസ്' എന്ന ഇൻഷ്വറൻസ് പദ്ധതി വഴി ഇൻഷ്വറൻസ് പരിരക്ഷ, അസംഘടിത മേഖലയിലെ എല്ലാ തൊഴിലാളികൾക്കുമായി ക്ഷേമ പദ്ധതികൾ, സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ, സ്വകാര്യ സ്ഥാപനങ്ങൾ, തോട്ടങ്ങൾ, കയർ ഫാക്ടറികൾ എന്നിവിടങ്ങളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് ആശ്വാസ ധനസഹായവും തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകൾ മുഖേന അംഗങ്ങളായ തൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങളും നൽകിവരുന്നു. സംസ്ഥാനത്ത് മിനിമം |

| | | | |
|---|---|---|---|
| | | | വേതനത്തിന്റെ പട്ടികയിൽ 87 തൊഴിൽ മേഖലകൾ ഉൾപ്പെടുത്തിയതിൽ 82 മേഖലകളിൽ മിനിമം വേതനം നടപ്പിലാക്കി. ' വേതന സുരക്ഷാ പദ്ധതി' (WPS) നടപ്പിലാക്കുക വഴി തൊഴിലാളികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് വേതനം ലഭിക്കുകയും ഇപ്രകാരം മിനിമം വേതനം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുവാനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ